## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5069

22.05.2017 ൽ
മറുപടിയ്ക്ക്

### കാണം/വെറുംപാട്ടം കുടുംബങ്ങൾക്ക് കൈവശാവകാശരേഖകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ. ശശി** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നികുതി സർട്ടിഫിക്കറ്റും കൈവശാവകാശ രേഖകളുമില്ലാതെ വീടും പുരയിടവും കുടുംബങ്ങളുമായി താമസിക്കുന്ന കാണം/ വെറുംപാട്ടം കുടുംബക്കാർ പാലക്കാട്, തൃശ്ശൂർ തുടങ്ങി ഏതെല്ലാം ജില്ലകളിലുണ്ട്; എത്ര കുടുംബങ്ങളുണ്ട്; വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം വില്ലേജ്/താലൂക്ക്/ജില്ലാ കളക്ടറേറ്റ് ഓഫീസുകളിൽ എത്ര അപേക്ഷകൾ തീർപ്പാകാതെ കിടപ്പുണ്ട് എന്നും ഇവ തീർപ്പാക്കാത്തതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ; | (എ) & (ബി)<br>കാണം/വെറുംപാട്ടം അവകാശമായി ഭൂമി കൈവശം വച്ചുവരുന്ന 35,000 ൽ അധികം കേസുകൾ/അപേക്ഷകൾ പാലക്കാട് ജില്ലയിൽ നിലവിലുണ്ട്. തൃശ്ശൂർ ജില്ലയിൽ കാണം/വെറുംപാട്ടം ഭൂമികളുടെ കൈമാറ്റങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി പട്ടയദാരുടെ പേരുകൾ കൂടി ഉൾപ്പെടുത്തി നികുതി സ്വീകരിക്കുകയും കൈവശ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തുവരുന്നു. അതിനാൽ നികുതി രസീതോ, കൈവശാവകാശ രേഖകളോ ഇല്ലാതെ താമസിക്കുന്ന ആളുകൾ തൃശ്ശൂർ ജില്ലയിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൃശ്ശൂർ ജില്ലയിൽ കാണം/വെറുംപാട്ടം സെറ്റിൽ ചെയ്യുന്നതിനായി നിലവിലുള്ള അപേക്ഷകൾ ചുവടെ ചേർക്കുന്നു.<br><br>താലൂക്കുകളിൽ — 20,168 (കാണം)<br>സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ) — 32,433 (വെറുംപാട്ടം)<br>ഡെപ്യൂട്ടി കളക്ടർ (എൽ.റ്റി) — 7,968 (വെറുംപാട്ടം)<br><br>മറ്റ് ജില്ലകളിലെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | 2016 ൽ മുൻ സർക്കാർ ഇവർക്ക് രേഖകൾ നൽകേണ്ടതില്ല എന്ന ഉത്തരവ്വ് പുറപ്പെടുവിച്ചിട്ടുണ്ടോ;എങ്കിൽ പ്രസ്തുത ഉത്തരവ് നിയമസഭയുടെ മേശപ്പുറത്തു വച്ചുവോ;വിശദാംശം ലഭ്യമാക്കുമോ; | (സി) | അത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ്വ് പുന:പരിശോധിക്കാനും പ്രസ്തുത കുടുംബങ്ങൾക്ക് കൈവശാവകാശരേഖകളും നികുതിയടയ്ക്കാനുള്ള അവകാശവും ഉറപ്പുവരുത്തുവാനും എന്തു നടപടി ഈ സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

Sindhya

സെക്ഷൻ ഓഫീസർ